**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **08-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിൽ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10 നിയമനങ്ങളും കുടുംബശ്രീ മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും 20 നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ടി 30 പേർക്ക് വേതനവും ആനുകൂല്യവുമായി 4,69,176/-രൂപ ചെലവായിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോർഡുകളിലെ തസ്തികകളിലെ നിയമനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-I ആയി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത്; വിശദാംശം നൽകാമോ? | (ബി) | നിയമനങ്ങളുടെ വിശദാംശം **അനുബന്ധം-II ആയി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

1. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ മുഖ്യ കാര്യാലയത്തിൽ ഒരാളെയും (സെക്യൂരിറ്റി), ജില്ലാ കാര്യാലയത്തിൽ രണ്ട് പേരെയും (ക്ലാർക്കുമാർ) താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 45,855/-രൂപ ദിവസ വേതനമായി നൽകിയിട്ടുണ്ട്.
2. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021-22 സാമ്പത്തിക താങ്ങൽ ആനുകൂല്യ വിതരണത്തിനു വേണ്ടി അഞ്ച് മാസത്തേക്ക് (നവംബർ 2021 മുതൽ മാർച്ച് 2022 വരെ) അഞ്ച് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും, കമ്പ്യൂട്ടർവത്ക്കരിക്കുന്ന തിനായി രണ്ട് മാസത്തേക്ക് (ജൂൺ 2021 മുതൽ ആഗസ്റ്റ് 2022 വരെ) രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 2022 ഒക്ടോബർ മാസം വേതനം ഒന്നും നൽകിയിട്ടില്ല.
3. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കൊട്ടിയം ഇൻസ്പെക്ടർ ഓഫീസിൽ താത്ക്കാലിക ഓഫീസ് അറ്റൻഡന്റായി ഒരാളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടിയാൾക്ക് 2022 ഒക്ടോബർ മാസത്തെ ശമ്പളമായി 7,425/-രൂപ അനുവദിച്ചിട്ടുണ്ട്.
4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് ഓഫീസിലും മേഖലാ ഓഫീസുകളിലുമായി ടൈപ്പിസ്റ്റ്, എൽ.ഡി.ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളിലായി ഏഴ് പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 1,00,845/- രൂപ ദിവസവേതനമായി നൽകിയിട്ടുണ്ട്.
5. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ മൂന്ന് ഓഫീസ് അറ്റൻഡന്റുമാരെയും നാല് എൽഡി ക്ലാർക്ക് കം കംപ്യൂട്ടർ ഓപ്പറേറ്റർമാരെയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 89,655/-രൂപ ദിവസ വേതനമായി നൽകിയിട്ടുണ്ട്.
6. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.എസ്.സി യിൽ നിന്നുള്ള നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന സമയങ്ങളിൽ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ചുരുങ്ങിയ കാലയളവിലേക്ക് പ്യൂൺ കം പ്രോസസ് സെർവ്വർ, ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, ദിവസ വേതനാടിസ്ഥാനത്തിലും നിയമനം നടത്തുന്നുണ്ട്. മൂന്ന് നിയമനങ്ങൾ എംപ്ലോയ്മെന്റ് മുഖേനയും 47 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. നിലവിൽ 26 ജീവനക്കാരെ 89 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 4,36,095/- രൂപ ദിവസ വേതനമായി നൽകിയിട്ടുണ്ട്.
7. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ താൽക്കാലികാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നാല് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ടി ജീവനക്കാർ സർവ്വീസിൽ ഇല്ലാത്തതിനാൽ വേതനം നൽകുന്നതിനായി തുക ചെലവായിട്ടില്ല.
8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2016 മുതൽ ബോർഡിന്റെ അഞ്ച് ഓഫീസുകളിലായി ദിവസവേതന അടിസ്ഥാനത്തിൽ 5 ക്ലാർക്ക്, ഒരു ഡ്രൈവർ, 2 ഓഫീസ് അറ്റൻഡന്റ് എന്നിവർ ജോലി ചെയ്യുന്നുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 1,33,505/-രൂപ ദിവസവേതനമായി നൽകിയിട്ടുണ്ട്.
9. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി.ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നീ തസ്തികകളിലായി ആറ് പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 85,045/- രൂപ ദിവസവേതനമായി നൽകിയിട്ടുണ്ട്.

10. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ അഞ്ച് നിയമനങ്ങൾ നടത്തിയിരുന്നു. 2022 ഒക്ടോബർ മാസം ടി ജീവനക്കാർ സർവ്വീസിൽ ഇല്ലാത്തതിനാൽ വേതനം നൽകുന്നതിനായി തുക ചെലവായിട്ടില്ല.

11. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 4 ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവർ ജോലി ചെയ്യുന്നുണ്ട്. ടി ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം 88,920/- രൂപ ദിവസ വേതനമായി നൽകിയിട്ടുണ്ട്.

12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു നിയമനം നടത്തിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ടി ജീവനക്കാരൻ സർവ്വീസിൽ ഇല്ലാത്തതിനാൽ വേതനം നൽകുന്നതിനായി തുക ചെലവായിട്ടില്ല.

13. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ കരാർ നിയമനങ്ങൾ നടത്തിയിട്ടില്ല. സ്ഥിര ജീവനക്കാരുടെ അഭാവത്തിൽ കുടിശ്ശിക ജോലികൾ ചെയ്തു തീർക്കുന്നതിനായി എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ടിയാളുകൾക്ക് 2022 ഒക്ടോബർ മാസം 35,25,462/- രൂപ അനുവദിച്ചിട്ടുണ്ട്.

മറ്റ് ബോർഡുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടില്ല.

Anishad

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u> - II**

1. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ഏജൻസികൾ മുഖേനയോ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ ദിവസവേതന അടിസ്ഥാന ത്തിലാണ് ടി നിയമനങ്ങൾ നടത്തിയത്.
2. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരസ്യം നൽകിയാണ് നിയമനം നടത്തിയിട്ടുള്ളത്.
3. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ഏജൻസികൾ മുഖേനയോ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ നടത്തിയത്.
4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മൂന്ന് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഏജൻസികൾ മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.
5. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ നാല് നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ളത്.
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അഞ്ച് നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ളതും, എന്നാൽ ഇവരുടെ അനുവദനീയമായ കാലയളവിന് ശേഷം വിടുതൽ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ കടിശ്ശിക ജോലികൾ തീർപ്പാക്കുന്നതിന് പ്രവൃത്തി പരിചയമുള്ള ആളുകളെ ബോർഡ് നിയോഗിച്ചുവരുന്നു.
7. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്.
8. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ഏജൻസികൾ മുഖേനയോ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

Anishar

**സെക്ഷൻ ഓഫീസർ**